"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് -വ്യാവസായിക പരിശീലനം - ജീവനക്കാര്യം- ചെന്നീർക്കര ഐ.ടി.ഐയിലെ സീനിയർ ഇൻസ്ട്രക്ടർ ആയ ശ്രീ.ദിജേഷ് കുമാർ.എം-ന്റെ ഭാര്യയുടെ ചികിത്സയ്ക്ക് ചെലവായ തുക പ്രതിപൂരണം ചെയ്ത് പലിശരഹിത ചികിത്സാവായ്പ ക്രമീകരിക്കുന്നതിനു ട്രെയിനിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.519/2024/LBR തീയതി,തിരുവനന്തപുരം, 18-04-2024

---

പരാമർശം:-

1. സ.ഉ.(സാധാ) നം.606/2021/തൊഴിൽ, തീയതി 16/04/2021.
2. ചെന്നീർക്കര ഐ.ടി.ഐയിലെ സീനിയർ ഇൻസ്ട്രക്ടർ ആയ ശ്രീ.ദിജേഷ് കുമാർ.എം 02/09/2021-ൽ സമർപ്പിച്ച അപേക്ഷ.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 10/11/2023 തീയതിയിലെ എം.ആർ1/330806/2023/ആ.വ.ഡ നമ്പർ കത്ത്.
4. ട്രെയിനിംഗ് ഡയറക്ടറുടെ 06/12/2022, 24/01/2024 എന്നീ തീയതികളിലെ ഡി.ടി/1173/2021-ബി6 നമ്പർ കത്ത്.

**ഉത്തരവ്**

വ്യാവസായിക പരിശീലന വകുപ്പിൽ കീഴിലുള്ള ചെന്നീർക്കര ഐ.ടി.ഐയിലെ സീനിയർ ഇൻസ്ട്രക്ടർ ആയ ശ്രീ.ദിജേഷ് കുമാർ.എം-ന്റെ ഭാര്യയുടെ കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയ കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ ചികിത്സ നടത്തുന്നതിനായി പരാമർശം 1 പ്രകാരം 3,00,000/- രൂപ (മൂന്ന് ലക്ഷം രൂപ മാത്രം) പലിശരഹിത ചികിത്സാവായ്പ അനുവദിച്ചിരുന്നു. പ്രസ്തുത വായ്പ തുകയിൽ ചികിത്സയ്ക്ക് ചെലവായ തുക റീ - ഇംബേഴ്സ് ചെയ്ത് പലിശ രഹിത ചികിത്സ വായ്പയിൽ ക്രമപ്പെടുത്തുന്നതിനായി പരാമർശം 2 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പരാമർശം 4 പ്രകാരം ട്രെയിനിംഗ് ഡയറക്ടർ ടി അപേക്ഷ ശുപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കിയിരുന്നു. ഈ വിഷയത്തിൽ അനുവദനീയമായ തുക 5,08,512/- രൂപയാണെന്ന് പരാമർശം 3 പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചെന്നീർക്കര ഐ.ടി.ഐയിലെ സീനിയർ ഇൻസ്ട്രക്ടർ ആയ ശ്രീ.ദിജേഷ് കുമാർ.എം-ന്റെ ഭാര്യയുടെ കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയ കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ നടത്തിയ ചികിത്സയ്ക്ക് 09/03/2021 മുതൽ 20/07/2021 വരെ കാലയളവിൽ ആകെ ചെലവായ തുകയിൽ, ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമെന്ന് അറിയിച്ചിരിക്കുന്ന തുകയായ 5,08,512/- രൂപയുടെ 80% തുകയായ 4,06,810/- രൂപ (നാല് ലക്ഷത്തി ആറായിരത്തി എണ്ണൂറ്റി പത്ത് രൂപ മാത്രം) പരാമർശം 1 പ്രകാരം അനുവദിച്ച 3,00,000/- രൂപയുടെ പലിശരഹിത ചികിത്സാവായ്പയിൽ ക്രമീകരിക്കുന്നതിനും അപ്രകാരം ക്രമീകരിച്ച ശേഷം ശേഷിക്കുന്ന തുകയായ 1,06,810/- രൂപ (ഒരു ലക്ഷത്തി ആറായിരത്തി എണ്ണൂറ്റി പത്ത് രൂപ മാത്രം) ശ്രീ.ദിജേഷ് കുമാർ.എം.ന് മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ആയി പ്രതിപൂരണം ചെയ്തു നല്കുന്നതിനും ട്രെയിനിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ എസ്

അണ്ടർ സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം. (അപേക്ഷ, മെഡിക്കൽ ബില്ലുകൾ, എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം)

ശ്രീ.ദിജേഷ് കുമാർ.എം, സീനിയർ ഇൻസ്ട്രക്ടർ, ഐ.ടി.ഐ , ചെന്നീർക്കര.(ട്രെയിനിംഗ് ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്. [24/03/2024 തീയതിയിലെ 1745903783/ലോൺസ് എൽ-3/316/2021/ധന നമ്പർ നോട്ട് പ്രകാരം]

വിവര പൊതുജന സമ്പർക്ക വകുപ്പ്. (ഗവ. വെബ് സൈറ്റിൽ നൽകുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Usharani L

സെക്ഷൻ ഓഫീസർ

Date: 19-04-2024 10:30:36